## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4449

25/10/2016 ൽ
മറുപടിയ്ക്ക്

### ഖാദിമേഖലയെ സംരക്ഷിക്കാൻ നടപടി

ചോദ്യം
ശ്രീ.യു.ആർ.പ്രദീപ്

ഉത്തരം
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഖാദിമേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര തൊഴിലാളികൾ ജോലി നോക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | നൂല്പ് മേഖലയിൽ 7685 തൊഴിലാളികളും, നെയ്ത്ത് മേഖലയിൽ 5222 തൊഴിലാളികളും ഉൾപ്പെടെ ആകെ 12907 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. |
| (ബി) | പല ഖാദി യൂണിറ്റുകളിലും തൊഴിലാളിയ്ക്ക് ഒരു ദിവസം തൊഴിലുറപ്പ് തൊഴിലാളിക്ക് ലഭിക്കുന്ന കൂലി പോലും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഖാദി മേഖലയിൽ മിനിമം വേതനം നടപ്പാക്കിയിട്ടുണ്ട്. മിനിമം വേതനത്തിൽ ഉല്പാദനലക്ഷ്യം കൈവരിക്കുന്ന നൂല്പ് തൊഴിലാളിയ്ക്ക് 275/- രൂപയും നെയ്ത്ത് തൊഴിലാളിയ്ക്ക് 325/- രൂപയുമാണ് ലഭിക്കുന്നത്. |
| (സി) | ഖാദി മേഖലയെ സംരക്ഷിക്കാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കാനും എന്തൊക്കെ നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ ; | (സി) | ഖാദി മേഖലയെ സംരക്ഷിക്കാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കാനും സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് മിനിമം കൂലി, ഉല്പാദന ഇൻസെന്റീവ്, ഉത്സവബത്ത, ഇ.എസ്.ഐ പരിരക്ഷ, ക്ഷേമനിധി ആനുകൂല്യങ്ങളായ ചികിത്സാ സഹായം, മെഡിക്കൽ ആനുകൂല്യങ്ങൾ, മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം, ഇൻഷ്വറൻസ്, വിവാഹ ആനുകൂല്യം, ശവദാഹ ചടങ്ങിനുള്ള സാമ്പത്തിക ആനുകൂല്യം, പെൻഷൻ എന്നിവ ലഭ്യമാക്കുന്നുണ്ട്. നിലവിലെ |

| | | | |
|---|---|---|---|
| | | | കോസ്റ്റ് ചാർട്ട് പുതുക്കി 30 മുതൽ 40% വരെ കൂലി വർദ്ധിപ്പിച്ചു കഴിഞ്ഞു. ഇതിനു ക്രമാനുഗതമായി സാമ്പത്തിക താങ്ങൽ പദ്ധതിയിൽ വകയിരുത്തി മിനിമം വേതനം പുതുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പത്മശ്രീ. ഗോപിനാഥൻ നായർ അധ്യക്ഷനായ സമിതി റിപ്പോർട്ട് പ്രകാരം ഖാദി മേഖലയിൽ ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വരുന്ന ഓരോ വർഷത്തിലും പുതുതായി 600 നൂൽപ്പുകാർക്കും 400 നെയ്ത്തുകാർക്കും തൊഴിൽ നൽകുന്ന "ഖാദി ഗ്രാമം" പദ്ധതിയും സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ